പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 743

27.04.2017-ൽ മറുപടി നൽകേണ്ടിയിരുന്നത്
(അന്തിമ മറുപടി)

## മീനാകുമാരി കമ്മീഷൻ റിപ്പോർട്ട്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.പി.കെ. ശശി | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | മുൻ സർക്കാർ അധികാരകാലയളവിൽ മത്സ്യതൊഴിലാളികളെ (മത്സ്യമേഖല മുഴുവനുമായി) സംരക്ഷിക്കുന്നതിനും സംരക്ഷണം ഉറപ്പുവരുത്തുന്നതിനും എന്തു നടപടികൾ സ്വീകരിച്ചു;എത്ര തുക ഇതിനായി 5 വർഷ കാലയളവിൽ ഉപയോഗിച്ചു എന്നും ജില്ല തിരിച്ച് വിശദാംശം വ്യക്തമാക്കുമോ; | (എ) | മുൻ സർക്കാരിന്റെ അധികാര കാലയളവിൽ മത്സ്യത്തൊഴിലാളികളെ (മത്സ്യ മേഖല മുഴുവനായി) സംരക്ഷിക്കുന്നതിനും സംരക്ഷണം ഉറപ്പു വരുത്തുന്നതിനും നടപ്പാക്കിയ വിവിധ പദ്ധതികളും ആയതിന് 5 വർഷക്കാലയളവിൽ ഉപയോഗിച്ച തുക സംബന്ധിച്ച് ജില്ല തിരിച്ചുള്ള വിശദാംശവും അനുബന്ധമായി ചേർക്കുന്നു. |
| (ബി) | മത്സ്യതൊഴിലാളി മേഖലയിൽ "മീനാകുമാരി കമ്മീഷൻ റിപ്പോർട്ട്" മുൻ സർക്കാർ അംഗീകരിച്ചതുമൂലം മത്സ്യത്തൊഴിലാളികൾ അനുഭവിക്കുന്ന പ്രശ്നങ്ങൾ പ്രസ്തുത സർക്കാർ പരിശോധിച്ചിരുന്നുവോ; | (ബി) | ഡോ. മീനാകുമാരി കമ്മിറ്റി റിപ്പോർട്ട് കേരളത്തിലെ മത്സ്യത്തൊഴിലാളികളെ ദോഷകരമായി ബാധിക്കുന്നതിനാൽ പ്രസ്തുത റിപ്പോർട്ടിലെ ശുപാർശകൾ തള്ളിക്കളയണമെന്ന് മുൻ സർക്കാർ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (സി) | ഇല്ലെങ്കിൽ ഈ സർക്കാർ അതു പരിശോധിക്കാനും സംസ്ഥാന മത്സ്യ മേഖലാ തൊഴിലാളികൾക്ക് ഗുണകരമായ പ്രവൃത്തികൾ കൈക്കൊള്ളാനും ഫലപ്രദമല്ലാത്ത മീനാകുമാരി കമ്മീഷൻ റിപ്പോർട്ട് തള്ളാനും കടൽ സമ്പത്ത് സംസ്ഥാനത്ത് ലഭ്യമാക്കാനും എന്തു നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ? | (സി) | ഡോ. മീനാകുമാരി കമ്മിറ്റി റിപ്പോർട്ട് കേന്ദ്ര സർക്കാർ അംഗീകരിച്ചതായി അറിവില്ല. ഡോ. മീനാകുമാരി കമ്മിറ്റി റിപ്പോർട്ടിനെതിരായി ഉയർന്ന തൊഴിലാളികളുടെയും സംസ്ഥാന സർക്കാരുകളുടെയും പ്രതിഷേധത്തെ തുടർന്ന് ഡോ.എസ്. അയ്യപ്പൻ കമ്മിറ്റിയെ നിയോഗിക്കുകയും പുതിയ സമുദ്ര മത്സ്യബന്ധന നയം രൂപീകരിക്കുന്നതിനു ടി കമ്മിറ്റി തയ്യാറാക്കിയ ശുപാർശകളുടെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാർ പുതിയ മറൈൻ ഫിഷിങ് പോളിസി ആവിഷ്കരിച്ചതായി അറിയുന്നു. സംസ്ഥാന സർക്കാർ ഡോ. എസ് അയ്യപ്പൻ കമ്മിറ്റിയുടെ കരട് റിപ്പോർട്ടിന്മേൽ സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികളുടെ താല്പര്യം മുൻനിർത്തി അഭിപ്രായം മുൻപ് അറിയിച്ചിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## 1) ഫിഷറീസ് വകുപ്പ് മുഖേന നേരിട്ട് നടപ്പാക്കിയ പദ്ധതികൾ

1. മത്സ്യത്തൊഴിലാളി ഭവന നിർമ്മാണ ധനസഹായ പദ്ധതി
2. മത്സ്യത്തൊഴിലാളി ഭവന പുനരുദ്ധാരണ പദ്ധതി
3. ശൗചാലയ നിർമ്മാണ ധനസഹായ പദ്ധതി
4. മത്സ്യത്തൊഴിലാളി സമ്പാദ്യ സമാശ്വാസ പദ്ധതി
5. മത്സ്യത്തൊഴിലാളികളുടെ മക്കൾക്കുള്ള വിദ്യാഭ്യാസ-ആനുകൂല്യ പദ്ധതി
6. മത്സ്യത്തൊഴിലാളി കോളനി ഭവന നിർമ്മാണ/പുനരുദ്ധാരണ പദ്ധതി
7. ജി.ആർ.എഫ്.റ്റി.എച്ച്.എസ് മെസ്സ് അലവൻസ്.
8. ഓപ്പൺ വാട്ടർ റാഞ്ചിങ്ങ് പദ്ധതി
9. സൗജന്യ റേഷൻ
10. പ്രകൃതി ക്ഷോഭത്തിൽ വള്ളവും വലയും നഷ്ടപ്പെട്ടതിനുള്ള നഷ്ടപരിഹാരം.
11. മത്സ്യത്തൊഴിലാളി അടിസ്ഥാന സൗകര്യ വികസന പദ്ധതി

## (ഫിഷറീസ് വകുപ്പ് നേരിട്ട് നടപ്പിലാക്കുന്നവ)

മുൻ സർക്കാർ കാലയളവിൽ (2011-12 to 2015-16) മേൽ പദ്ധതികൾ നടപ്പിലാക്കുന്നതിനായി ജില്ല തിരിച്ച് ചെലവഴിച്ച തുക വിവരം.

| ക്രമ നം. | ജില്ല | തുക (ലക്ഷം) |
|---|---|---|
| 1 | തിരുവനന്തപുരം | 7872.81 |
| 2 | കൊല്ലം | 7760.52 |
| 3 | പത്തനംതിട്ട | 160.13 |
| 4 | കോട്ടയം | 536.34 |
| 5 | ഇടുക്കി | 66.98 |
| 6 | ആലപ്പുഴ | 9025.58 |
| 7 | എറണാകുളം | 5517.65 |
| 8 | തൃശ്ശൂർ | 2531.72 |
| 9 | പാലക്കാട് | 144.17 |
| 10 | മലപ്പുറം | 2328.58 |
| 11 | കോഴിക്കോട് | 2788.75 |
| 12 | വയനാട് | അംഗീകൃത രജിസ്റ്റേർഡ് മത്സ്യത്തൊഴിലാളികൾ ഇല്ല |
| 13 | കണ്ണൂർ | 2191.36 |
| 14 | കാസർഗോഡ് | 1157.78 |

2) <u>മത്സ്യഫെഡ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ സംബന്ധിച്ച വിവരം അനുബന്ധം 1 മുതൽ 4 വരെ ചേർക്കുന്നു.</u>

## അനുബന്ധം – 1

മുൻ സർക്കാരിന്റെ അധികാര കാലയളവിൽ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യഫെഡ് മുഖേന നൽകിയിട്ടുള്ള വായ്പകൾ സംബന്ധിച്ച വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

## എൻ.സി.ഡി.സി. ധനസഹായത്തോടെയുള്ള സംയോജിത മത്സ്യവികസന പദ്ധതി

തുക ലക്ഷത്തിൽ

| ജില്ല | മത്സ്യബന്ധന ഉപകരണങ്ങളുടെ വിതരണം | മത്സ്യ വിപണനത്തിന് പ്രവർത്തന മൂലധനം | മത്സ്യം സൂക്ഷിക്കുന്നതിനും വിപണനം ചെയ്യുന്നതിനുമുള്ള അടിസ്ഥാന സൗകര്യം | മത്സ്യഫെഡ് പ്രാഥമിക സഹകരണ സംഘങ്ങൾക്കുമുള്ള ഓഫീസ്-കം-ഗോഡൗൺ | മത്സ്യവിപണനം നടത്തുന്ന പുരുഷൻമാർക്ക് മോട്ടോർ സൈക്കിൾ വാങ്ങുന്നതിനുള്ള ധനസഹായം | ആകെ |
|---|---|---|---|---|---|---|
| തിരുവനന്തപുരം | 1625 | 350.5 | 42 | 9.25 | 34.4 | 2061.15 |
| കൊല്ലം | 1372.01 | 189.5 | | 46.2 | 10.4 | 1618.11 |
| ആലപ്പുഴ | 1155.61 | 216 | | 30.8 | 23.2 | 1425.61 |
| കോട്ടയം | 102.15 | 14.5 | | 0 | 12 | 128.65 |
| എറണാകുളം | 885.74 | 118.25 | 9.85 | 66.2 | 25.6 | 1105.64 |
| തൃശൂർ | 1082.3 | 179 | 14 | 31.65 | 16 | 1322.95 |
| മലപ്പുറം | 890.32 | 155 | | 15.4 | 19.2 | 1079.92 |
| കോഴിക്കോട് | 1330.28 | 293.25 | | 16.25 | 6.4 | 1646.18 |
| കണ്ണൂർ | 543.93 | 111 | | 0 | 5.6 | 660.53 |
| കാസർഗോഡ് | 578.73 | 208 | | 0 | 1.6 | 788.33 |
| **ആകെ** | **9566.06** | **1835** | **65.85** | **215.75** | **154.4** | **11837.06** |

## പ്ലാൻ സ്കീം

തുക ലക്ഷത്തിൽ

| ജില്ല | നാടൻ വള്ളങ്ങളുടെ നവീകരണം | മത്സ്യബന്ധന ഉപകരണങ്ങൾക്കുള്ള സബ്സിഡി | ബാങ്കബിൾ സ്കീം | ഉൽപാദന ബോണസ് | ആകെ |
|---|---|---|---|---|---|
| തിരുവനന്തപുരം | 40.6 | 106.14 | 172.48 | 26.28 | 345.5 |
| കൊല്ലം | 14.7 | 2.64 | 33.1 | 31.32 | 81.76 |
| ആലപ്പുഴ | 9.6 | 37.62 | 4.47 | 8.20 | 59.89 |
| കോട്ടയം | 0 | 0 | 0 | 0.85 | 0.85 |
| എറണാകുളം | 2.4 | 0 | 0 | 13.16 | 15.56 |
| തൃശൂർ | 3.8 | 1.74 | 12.34 | 11.66 | 29.54 |
| മലപ്പുറം | 6.2 | 0 | 5.23 | 7.30 | 18.73 |
| കോഴിക്കോട് | 8.3 | 30.42 | 6.46 | 12.84 | 58.02 |
| കണ്ണൂർ | 6.9 | 7.5 | 5.74 | 1.38 | 21.52 |
| കാസർഗോഡ് | 7.5 | 13.94 | 10.18 | 4.05 | 35.67 |
| **ആകെ** | **100** | **200** | **250** | **117.04** | **667.04** |

# പലിശരഹിത വായ്പ

| നം | ജില്ല | വർഷം | | | | | ആകെ |
|---|---|---|---|---|---|---|---|
| | | 2011-12 | 2012-13 | 2013-14 | 2014-15 | 2015-16 | |
| 1 | തിരുവനന്തപുരം | 1434.25 | 1455.20 | 1111.65 | 749.90 | 945.95 | **5696.95** |
| 2 | കൊല്ലം | 88.95 | 70.80 | 95.00 | 84.60 | 53.95 | **393.30** |
| 3 | ആലപ്പുഴ | 184.35 | 331.80 | 233.05 | 175.95 | 305.95 | **1231.10** |
| 4 | കോട്ടയം | 316.30 | 99.45 | 354.05 | 269.90 | 382.55 | **1422.25** |
| 5 | എറണാകുളം | 868.10 | 587.35 | 1102.75 | 1028.10 | 948.75 | **4535.05** |
| 6 | തൃശൂർ | 33.55 | 8.70 | 48.05 | 162.60 | 178.95 | **431.85** |
| 7 | മലപ്പുറം | | | | | | |
| 8 | കോഴിക്കോട് | 4.60 | | 4.70 | | 4.85 | **14.15** |
| 9 | കണ്ണൂർ | | 25.00 | | 10.90 | 9.00 | |
| 10 | കാസർഗോഡ് | 230.00 | 31.65 | 248.85 | 316.55 | 307.10 | **1134.15** |
| | **ആകെ** | **3160.10** | **2609.95** | **3198.10** | **2798.50** | **3137.05** | **14903.70** |

# മൈക്രോഫിനാൻസ്

| നം | ജില്ല | വർഷം | | | | | ആകെ |
|---|---|---|---|---|---|---|---|
| | | 2011–12 | 2012–13 | 2013–14 | 2014–15 | 2015–16 | |
| 1 | തിരുവനന്തപുരം | 1783.63 | 2321.99 | 1241.90 | 992.07 | 1221.58 | **7561.17** |
| 2 | കൊല്ലം | 530.51 | 727.99 | 1065.63 | 1022.80 | 648.80 | **3995.73** |
| 3 | ആലപ്പുഴ | 582.85 | 705.07 | 830.95 | 1492.10 | 1285.40 | **4896837** |
| 4 | കോട്ടയം | 147.42 | 66.81 | 226.10 | 115.75 | 187.40 | **743.48** |
| 5 | എറണാകുളം | 601.77 | 748.54 | 950.70 | 1521.90 | 1052.70 | **4875.61** |
| 6 | തൃശൂർ | 197.11 | 320.37 | 622.70 | 397.70 | 968.20 | **2506.08** |
| 7 | മലപ്പുറം | 143.60 | 289.09 | 255.40 | 120.00 | 197.25 | **1005.34** |
| 8 | കോഴിക്കോട് | 552.27 | 552.15 | 979.95 | 408.80 | 734.95 | **3228.12** |
| 9 | കണ്ണൂർ | 51.30 | 111.26 | 108.80 | 135.00 | 128.60 | **534.96** |
| 10 | കാസർഗോഡ് | 110.03 | 154.61 | 188.86 | 252.00 | 132.35 | **837.85** |
| | **ആകെ** | **4700.49** | **5997.88** | **6470.99** | **6458.12** | **6557.23** | **30184.71** |

# ടേം ലോൺ

| നം | ജില്ല | വർഷം | | | | | ആകെ |
|---|---|---|---|---|---|---|---|
| | | 2011-12 | 2012-13 | 2013-14 | 2014-15 | 2015-16 | |
| 1 | തിരുവനന്തപുരം | 282.04 | 291.71 | 167.73 | 144.75 | 125.00 | **1011.23** |
| 2 | കൊല്ലം | 400.24 | 460.73 | 534.27 | 470.13 | 246.03 | **2111.40** |
| 3 | ആലപ്പുഴ | 52.29 | 103.75 | 88.65 | 108.60 | 53.70 | **406.99** |
| 4 | കോട്ടയം | 19.50 | 15.00 | 17.00 | 3.50 | 9.25 | **64.25** |
| 5 | എറണാകുളം | 11.00 | 30.00 | 22.00 | 5.00 | 17.13 | **85.13** |
| 6 | തൃശൂർ | 36.44 | 48.50 | 30.35 | 9.50 | 31.00 | **155.79** |
| 7 | മലപ്പുറം | 73.45 | 20.00 | 81.75 | 30.26 | 52.26 | **257.72** |
| 8 | കോഴിക്കോട് | 40.70 | 15.86 | 67.37 | | 9.00 | **132.93** |
| 9 | കണ്ണൂർ | 1.00 | 3.80 | 18.00 | 16.50 | 22.64 | **61.94** |
| 10 | കാസർഗോഡ് | 32.48 | 9.25 | 93.87 | 2.90 | 20.13 | **158.63** |
| | **ആകെ** | **949.14** | **998.60** | **1120.99** | **791.14** | **586.14** | **4446.01** |

## മത്സ്യത്തൊഴിലാളി അപകട ഇൻഷുറൻസ് പദ്ധതി

മത്സ്യത്തൊഴിലാളികൾക്ക് അപകടമരണം സംഭവിച്ചാൽ അവരുടെ ആശ്രിതർക്ക് ആനുകൂല്യം ലഭിക്കത്തക്ക രീതിയിൽ ഇൻഷുറൻസ് കമ്പനികളുമായി സഹകരിച്ച് വ്യക്തിഗത ഗ്രൂപ്പ് അപകട ഇൻഷുറൻസ് പദ്ധതി മത്സ്യഫെഡ് നടപ്പിലാക്കിവരുന്നു (മുൻ സർക്കാരിന്റെ അധികാര കാലയളവിലും പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്). നിർദ്ദിഷ്ട പ്രീമിയം തുക അടച്ച് ഈ പദ്ധതിയിൽ അംഗങ്ങളാകുന്ന മത്സ്യത്തൊഴിലാളികൾക്ക് മാത്രമേ ഈ ആനുകൂല്യത്തിന് അർഹതയുള്ളൂ. നിലവിലുള്ള ഇൻഷുറൻസ് പദ്ധതി പ്രകാരം അപകട മരണത്തിന് **അഞ്ച് ലക്ഷം രൂപയും**, മരണാനന്തര ചടങ്ങുകൾക്കായി 2500/-**രൂപയും (ആകെ രണ്ടായിരത്തി അഞ്ഞൂറു രൂപ മാത്രം)**, മരിച്ച മത്സ്യത്തൊഴിലാളിയുടെ മക്കൾക്ക് വിദ്യാഭ്യാസ ധനസഹായമായി പരമാവധി **10000/-രൂപ (ആകെ പതിനായിരം രൂപ മാത്രം) (ഒരാളിന് അയ്യായിരം രൂപവീതം )** വ്യവസ്ഥകൾക്ക് വിധേയമായി നൽകി വരുന്നു. ടി പദ്ധതിയിൽ അംഗമായിട്ടുള്ളവർക്ക് അപകടത്തിൽ അംഗവൈകല്യം സംഭവിച്ചാൽ അതിന്റെ തോതനുസരിച്ച് ഇൻഷുറൻസ് പരിരക്ഷ ലഭിക്കുന്നതാണ്.

കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ 263 മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് 10,11,34,207/- രൂപ (ആകെ പത്ത് കോടി പതിനൊന്ന് ലക്ഷത്തി മുപ്പത്തിനാലായിരത്തി ഇരുന്നൂറ്റി ഏഴ് രൂപ) വിതരണം ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിശദാംശം ചുവടെ ചേർക്കുന്നു.

| **ജില്ല** | **ഗുണഭോക്താക്കൾ** | **തുക (രൂപ)** |
|---|---|---|
| തിരുവനന്തപുരം | 50 | 21407500 |
| കൊല്ലം | 50 | 18024363 |
| ആലപ്പുഴ | 55 | 20390000 |
| കോട്ടയം | 6 | 2260000 |
| എറണാകുളം | 31 | 14211432 |
| തൃശ്ശൂർ | 13 | 2337514 |
| മലപ്പുറം | 7 | 2280000 |
| കോഴിക്കോട് | 29 | 11765898 |
| കണ്ണൂർ | 8 | 3010000 |
| കാസർഗോഡ് | 14 | 5447500 |
| **ആകെ** | **263** | **101134207** |

## ചെയർമാന്റെ ദുരിതാശ്വാസ നിധി

മത്സ്യത്തൊഴിലാളി ഗ്രൂപ്പ് അപകട ഇൻഷുറൻസ് പദ്ധതിയിൽ അംഗമായിട്ടുള്ള മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധനത്തിനിടയിൽ ഹൃദയാഘാതം, ഉയർന്ന രക്തസമ്മർദ്ദം, മസ്തിഷ്ക്കാഘാതം എന്നിവ മൂലം മരിച്ചാൽ അവ ഇൻഷുറൻസ് പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടാത്തതിനാൽ അവരുടെ ആശ്രിതർക്ക് മത്സ്യഫെഡ് ചെയർമാന്റെ ദുരിതാശ്വാസനിധിയിൽ നിന്നും നിബന്ധനകൾക്ക് വിധേയമായി **ഒരു ലക്ഷം രൂപ** വീതം മുൻ സർക്കാരിന്റെ കാലയളവിൽ ധനസഹായം നൽകിയിട്ടുണ്ട്. ആകെ നൂറ്റി അഞ്ച് മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് **10500000/-രൂപ (ആകെ ഒരു കോടി അഞ്ച് ലക്ഷം രൂപ)** വിതരണം ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിശദാംശം ചുവടെ ചേർക്കുന്നു.

| ജില്ല | ഗുണഭോക്താക്കൾ | തുക (രൂപ) |
|---|---|---|
| തിരുവനന്തപുരം | 2 | 200000 |
| കൊല്ലം | 18 | 1800000 |
| ആലപ്പുഴ | 34 | 3400000 |
| കോട്ടയം | 4 | 400000 |
| എറണാകുളം | 14 | 1400000 |
| മലപ്പുറം | 1 | 100000 |
| കോഴിക്കോട് | 22 | 2200000 |
| കണ്ണൂർ | 1 | 100000 |
| കാസർഗോഡ് | 9 | 900000 |
| **ആകെ** | **105** | **10500000** |

## 3) മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് വഴി നടപ്പിലാക്കിയ വിവിധ പദ്ധതികളും അനുവദിച്ച തുകകളും

### മത്സ്യത്തൊഴിലാളി ക്ഷേമ പദ്ധതി (2011 മുതൽ 2016 വരെ)

| ല്ല | ഗ്രൂപ്പ് ഇൻഷുറൻസ | മത്സ്യബന്ധനസമയത്ത് ഹൃദയാഘാതം മൂലമുള്ളമരണം | വിവാഹധനസഹായം | ആശ്രിതരുടെ മരണം | അപകടം മൂലമുള്ള താൽക്കാലിക അവശത | മത്സ്യത്തൊഴിലാളികളുടെ മരണത്തിന് ആശ്രിതർക്ക് നൽകുന്ന ധനസഹായം | കുടുംബ സംവിധാന പദ്ധതി | മാരക രോഗ ചികിൽസാ പദ്ധതി | ചെയർമാൻ റിലീഫ് ഫണ്ട് | പ്രസവ ശുശ്രൂഷയ്ക്കുള്ള ധനസഹായ പദ്ധതി |
|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | | |
| വനന്ത മേഖല | 41152030 | 4,15,000 | 2191500 | 3600 | 3485 | 4239000 | 3500 | 2002815 | 80000 | 8250 |
| ല്ലം | 16457941 | 275000 | 2655500 | 13200 | 13655 | 1417000 | 1500 | 2636636 | 50000 | 38250 |
| പ്പുഴ ല | 33016526 | 490000 | 440000 | 121200 | 85000 | 560000 | 131250 | 906560 | 0 | 102250 |
| യം | 4154409 | 0 | 208500 | 83400 | 33340 | 740000 | 36000 | 586725 | 0 | 76000 |
| നംതിട്ട | 176239 | 0 | 131000 | 83400 | 25000 | 90000 | 36000 | 570889 | 0 | 23250 |
| ി | 119462 | 0 | 56000 | 4800 | 1445 | 25000 | 1250 | 0 | 0 | 2250 |
| ാകുളം | 20095395 | | 4463500 | 127800 | 6515 | 3930000 | 16500 | 0 | 0 | 58500 |
| ർ | 10953978 | | 471500 | 38400 | 0 | 1459500 | 0 | 0 | 0 | 27750 |
| ാട് | 363507 | | 015500 | 0 | 0 | 5700 | 0 | | 0 | 0 |
| ിക്കോട് | 18241042 | 625000 | 3736725 | 18000 | 6000 | 845000 | 14500 | 6095905 | 100000 | 21000 |
| റം | 25505671 | 465000 | 1245575 | 10200 | 5475 | 955000 | 2500 | 4000000 | 62000 | 6000 |
| ാട് | | | | | | | | | | |
| ർ | 5611675 | 190000 | 1616000 | 128100 | 9455 | 1608000 | 13250 | 1525841 | 0 | 63375 |
| ർഗോഡ് | 8117538 | 150000 | 1847000 | 835000 | 56105 | 1789000 | 15250 | 2491161 | 58000 | 82876 |

**4)കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ**

ആഴക്കടൽ മത്സ്യബന്ധന പദ്ധതിയിലുൾപ്പെടുത്തി സംസ്ഥാനത്തെ തിരഞ്ഞെടുത്ത ഗുണഭോക്താക്കൾക്ക് ആഴക്കടൽ മത്സ്യബന്ധന ഉപകരണങ്ങൾ വിതരണം ചെയ്തു. ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ജില്ല | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| തിരുവനന്തപുരം | 432 | 204.50 ലക്ഷം രൂപ |
| കൊല്ലം | 50 | 24.06 ലക്ഷം രൂപ |
| ആലപ്പുഴ | 7 | 3.37 ലക്ഷം രൂപ |
| കോഴിക്കോട് | 57 | 27.43 ലക്ഷം രൂപ |
| കണ്ണൂർ | 8 | 3.84 ലക്ഷം രൂപ |
| കാസർഗോഡ് | 21 | 10.10 ലക്ഷം രൂപ |

കടൽ സുരക്ഷാ പദ്ധതിയിലുൾപ്പെടുത്തി മത്സ്യബന്ധനത്തിലേർപ്പെടുന്ന മത്സ്യത്തൊ ഴിലാളികളുടെ സുരക്ഷയ്ക്കായി 1.50 ലക്ഷം രൂപ വില മതിക്കുന്ന കടൽ സുരക്ഷാ ഉപകരണങ്ങൾ വിതരണം ചെയ്തുവരുന്നു. ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ജില്ല | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| തിരുവനന്തപുരം | 8 | 7.62 ലക്ഷം രൂപ |
| കൊല്ലം | 5 | 5.77 ലക്ഷം രൂപ |
| ആലപ്പുഴ | 6 | 7.12 ലക്ഷം രൂപ |
| കോഴിക്കോട് | 21 | 27.09 ലക്ഷം രൂപ |
| കാസർഗോഡ് | 3 | 2.56 ലക്ഷം രൂപ |

സെക്ഷൻ ഓഫീസർ